**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 220** **12-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികഗോത്രങ്ങളിൽപ്പെട്ടവർക്കുള്ള ഫണ്ടിന്റെ വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. എ. രാജ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ജനസംഖ്യാനുപാതികമായതിലും അധികം തുക ബജറ്റിൽ നീക്കിവയ്ക്കുകയും അവയുടെ ഫലപ്രദമായ വിനിയോഗം നിരീക്ഷിക്കുകയും ചെയ്യുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ജനസംഖ്യാനുപാതികമായതിലും അധികം തുക ബജറ്റിൽ നീക്കിവയ്ക്കുകയും അവയുടെ ഫലപ്രദമായ ഫണ്ട് വിനിയോഗം നിരീക്ഷിക്കുകയും ചെയ്ത് വരുന്നുണ്ട്. **വ**കുപ്പുകൾക്ക് അനുവദിക്കുന്ന കേന്ദ്ര സംസ്ഥാന വിഹിതങ്ങളുടെ വിനിയോഗ വിവരങ്ങൾ അവലോകനം ചെയ്യുന്നതിന് "പ്ലാൻ സ്പേയ്സ്" എന്ന സംവിധാനം ലഭ്യമാണ്. ഈ സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് സംസ്ഥാനതലത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കൽ വിവിധ വകുപ്പുകളുടെ പദ്ധതി പുരോഗതി വിലയിരുത്തുന്നതിനോടൊപ്പം വിവിധ പാദങ്ങളിലായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പുരോഗതി കൈവരിക്കുന്നതിന് ആവശ്യമായ നിർദ്ദേശവും നൽകുന്നുണ്ട്. വകുപ്പ് മന്ത്രി, വകുപ്പ് സെക്രട്ടറി, വകുപ്പ് ഡയറക്ടർമാർ എന്നിവരും മാസംതോറും പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റ് തലത്തിൽ ജില്ലാതല ഉദ്യോഗസ്ഥരുടെ പദ്ധതി അവലോകന യോഗങ്ങൾ വിളിച്ച് ചേർക്കുകയും സ്കീം അടിസ്ഥാനത്തിലുള്ള നിർവ്വഹണ പുരോഗതി വിലയിരുത്തി ചെലവ് കുറവായ പദ്ധതികൾ സമയ- ബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർവ്വഹണം നടത്തുന്ന പദ്ധതികളുടെ ഫണ്ട് വിനിയോഗവും നിർവ്വഹണവും സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനും ജില്ലാകളക്ടർ മെമ്പർ സെക്രട്ടറിയുമായ |

ജില്ലാ ആസൂത്രണ സമിതിയുടെ മേൽനോട്ടത്തിൽ അവലോകനവും മോണിറ്ററിംഗും കാര്യക്ഷമമായി നടന്നു വരുന്നുണ്ട്.

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമതയോടെ നടപ്പാക്കാൻ നിയോജക മണ്ഡലാടിസ്ഥാനത്തിൽ - എം.എൽ.എ. ചെയർമാനായി - നിരീക്ഷണ സമിതി രൂപീകരിക്കുവാൻ 20/05/2022- തീയതിയിലെ സ.ഉ(കൈ) നം. 24/2022/SCSTDD നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു.

1. ചെയർമാൻ - എം.എൽ.എ

2. കൺവീനർ - പട്ടികജാതി വികസന ഓഫീസർ

(ഒന്നിലേറെ ബ്ലോക്കുകളോ മുനിസിപ്പാലിറ്റികളോ ഉണ്ടെങ്കിൽ ജില്ലാ അസിസ്റ്റന്റ് പട്ടികജാതി വികസന ഓഫീസറായിരിക്കും കൺവീനർ)

3. അംഗങ്ങൾ

1. നിയോജക മണ്ഡലത്തിലെ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ

2. ബന്ധപ്പെട്ട ഡിവിഷനുകളിലെ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ

3. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/ പട്ടികവർഗ്ഗ അംഗങ്ങൾ

4. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ

5. ബ്ലോക്ക് /മുനിസിപ്പാലിറ്റി / കോർപ്പറേഷനിലെ തദ്ദേശ സ്വയംഭരണ എഞ്ചിനിയറിംഗ് വിഭാഗം മേധാവികൾ.

സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കുകയാണ് **സമിതിയുടെ പ്രധാന പ്രവർത്തനം.**

ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്താൻ പട്ടികജാതി വികസന വകുപ്പ് വിജിലൻസ് വിഭാഗം കൂടുതൽ ജാഗ്രത പുലർത്തുന്നുണ്ട്. നിലവിൽ സംസ്ഥാനത്തെ ബ്ലോക്ക്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ

ഓഫീസുകളും ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവ സന്ദർശിക്കുകയും കർശന നിർദ്ദേശങ്ങൾ നൽകുകയും, രേഖകൾ പരിശോധിക്കുകയും ചെയ്തു വരുന്നുണ്ട്. പരാതികൾ സമയബന്ധിതമായി അന്വേഷിക്കുകയും വകുപ്പുതല ഓഡിറ്റ് കൂടുതൽ ശക്തമാക്കുകയും ചെയ്തിട്ടുണ്ട്.

ക്ഷേമ പദ്ധതികളുടെ ഫണ്ട് വിനിയോഗം ശരിയായ രീതിയിൽ നടപ്പിലാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും അവരുടെ തന്നെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് മാറി നൽകുന്ന സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഓൺലൈൻ അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ ബാങ്ക് പാസ് ബുക്കിന്റെ ഒന്നാം പേജിന്റെ ഫോട്ടോ കൂടി അപ്ലോഡ് ചെയ്യുന്നതിനാൽ യഥാർത്ഥ ഗുണഭോക്താവിന് തന്നെ ആനുകൂല്യം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതാണ്. തുക ഗുണഭോക്താവിന് ലഭിച്ചു എന്ന ഉറപ്പ് വരുത്തുന്നതിന് വകുപ്പിലെ പ്രമോട്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. ഇത്തരം സംവിധാനം നിലവിലുള്ളതിനാൽ ക്രമക്കേടുകൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്താവുന്നതാണ്.

2. ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തുവാൻ പ്ലാൻസ്പെയ്സ് എന്ന ഐ.റ്റി. അധിഷ്ഠിത സംവിധാനം നിലവിലുണ്ട്. ഈ സംവിധാനം വഴി എല്ലാ തലങ്ങളിലും വിനിയോഗ വിവരങ്ങൾ ലഭ്യമാകുന്നതാണ്.

3. പട്ടികവർഗ്ഗ ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലം ഫണ്ട് വിനിയോഗത്തിൽ ക്രമകേടുകൾ ഉണ്ടാകുന്ന പക്ഷം വകുപ്പിലെ വിജിലൻസ് ആഫീസറായ ജോയിന്റ് ഡയറക്ടർ പ്രാഥമിക പരിശോധന നടത്തി ആവശ്യമെങ്കിൽ ചട്ടങ്ങൾ പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതു കൂടാതെ ധനകാര്യ പരിശോധനാ വിഭാഗം, അക്കൗണ്ടന്റ് ജനറൽ, ഇന്റേണൽ ഓഡിറ്റ് എന്നിങ്ങനെയുള്ള പരിശോധനകൾ ക്രമക്കേടുകൾ കണ്ടെത്താൻ സഹായിക്കുന്നുണ്ട്.

4. വിവിധ ഏജൻസികൾ, വകുപ്പുകൾ എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പ് വിലയിരുത്തുന്നതിനായി ജനപ്രതിനിധികൾ കൂടി ഉൾപ്പെടുന്ന മോണിറ്ററിംഗ്

| | | | |
|---|---|---|---|
| | | | സമിതികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്.<br><br>5. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കൃത്യമായ ഇടവേളകളിൽ റിവ്യൂ നടത്തുന്നുണ്ട്. |
| (ബി) | ഇത്തരം പദ്ധതികൾ കാര്യക്ഷമതയോടെ നടപ്പാക്കാൻ നിയോജക മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ. ചെയർമാനായി നിരീക്ഷണ സമിതി രൂപീകരിക്കാൻ തീരുമാനമായിട്ടുണ്ടോ; സമിതിയുടെ ഘടനയും പ്രവർത്തനവും അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ജനസംഖ്യാനുപാതികമായതിലും അധികം തുക ബജറ്റിൽ നീക്കിവയ്ക്കുകയും അവയുടെ ഫലപ്രദമായ ഫണ്ട് വിനിയോഗം നിരീക്ഷിക്കുകയും ചെയ്ത് വരുന്നുണ്ട്. **വ**കുപ്പുകൾക്ക് അനുവദിക്കുന്ന കേന്ദ്ര സംസ്ഥാന വിഹിതങ്ങളുടെ വിനിയോഗ വിവരങ്ങൾ അവലോകനം ചെയ്യുന്നതിന് "പ്ലാൻ സ്പേയ്സ്" എന്ന സംവിധാനം ലഭ്യമാണ്. ഈ സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് സംസ്ഥാനതലത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കൽ വിവിധ വകുപ്പുകളുടെ പദ്ധതി പുരോഗതി വിലയിരുത്തുന്നതിനോടൊപ്പം വിവിധ പാദങ്ങളിലായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പുരോഗതി കൈവരിക്കുന്നതിന് ആവശ്യമായ നിർദ്ദേശവും നൽകുന്നുണ്ട്. വകുപ്പ് മന്ത്രി, വകുപ്പ് സെക്രട്ടറി, വകുപ്പ് ഡയറക്ടർമാർ എന്നിവരും മാസംതോറും പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റ് തലത്തിൽ ജില്ലാതല ഉദ്യോഗസ്ഥരുടെ പദ്ധതി അവലോകന യോഗങ്ങൾ വിളിച്ച് ചേർക്കുകയും സ്കീം അടിസ്ഥാനത്തിലുള്ള നിർവ്വഹണ പുരോഗതി വിലയിരുത്തി ചെലവ് കുറവായ പദ്ധതികൾ സമയ- ബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർവ്വഹണം നടത്തുന്ന പദ്ധതികളുടെ ഫണ്ട് വിനിയോഗവും നിർവ്വഹണവും സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനും ജില്ലാകളക്ടർ മെമ്പർ സെക്രട്ടറിയുമായ ജില്ലാ ആസൂത്രണ സമിതിയുടെ മേൽനോട്ടത്തിൽ അവലോകനവും മോണിറ്ററിംഗും കാര്യക്ഷമമായി നടന്നു വരുന്നുണ്ട്.<br><br>പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമതയോടെ നടപ്പാക്കാൻ നിയോജക മണ്ഡലാടിസ്ഥാനത്തിൽ - എം.എൽ.എ. ചെയർമാനായി - നിരീക്ഷണ സമിതി രൂപീകരിക്കുവാൻ 20/05/2022- തീയതിയിലെ സ.ഉ(കൈ) നം. 24/2022/SCSTDD നമ്പർ പ്രകാരം |

ഉത്തരവായിട്ടുണ്ട്. സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു.

1. ചെയർമാൻ - എം.എൽ.എ

2. കൺവീനർ - പട്ടികജാതി വികസന ഓഫീസർ

(ഒന്നിലേറെ ബ്ലോക്കുകളോ മുനിസിപ്പാലിറ്റികളോ ഉണ്ടെങ്കിൽ ജില്ലാ അസിസ്റ്റന്റ് പട്ടികജാതി വികസന ഓഫീസറായിരിക്കും കൺവീനർ)

3. അംഗങ്ങൾ

1. നിയോജക മണ്ഡലത്തിലെ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ

2. ബന്ധപ്പെട്ട ഡിവിഷനുകളിലെ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ

3. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/ പട്ടികവർഗ്ഗ അംഗങ്ങൾ

4. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ

5. ബ്ലോക്ക് /മുനിസിപ്പാലിറ്റി / കോർപ്പറേഷനിലെ തദ്ദേശ സ്വയംഭരണ എഞ്ചിനിയറിംഗ് വിഭാഗം മേധാവികൾ.

സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കുകയാണ് **സമിതിയുടെ പ്രധാന പ്രവർത്തനം.**

ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്താൻ പട്ടികജാതി വികസന വകുപ്പ് വിജിലൻസ് വിഭാഗം കൂടുതൽ ജാഗ്രത പുലർത്തുന്നുണ്ട്. നിലവിൽ സംസ്ഥാനത്തെ ബ്ലോക്ക്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ ഓഫീസുകളും ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവ സന്ദർശിക്കുകയും കർശന നിർദ്ദേശങ്ങൾ നൽകുകയും, രേഖകൾ പരിശോധിക്കുകയും ചെയ്തു വരുന്നുണ്ട്. പരാതികൾ സമയബന്ധിതമായി അന്വേഷിക്കുകയും വകുപ്പുതല ഓഡിറ്റ് കൂടുതൽ ശക്തമാക്കുകയും ചെയ്തിട്ടുണ്ട്.

ക്ഷേമ പദ്ധതികളുടെ ഫണ്ട് വിനിയോഗം ശരിയായ രീതിയിൽ നടപ്പിലാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| | | | 1. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും അവരുടെ തന്നെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് മാറി നൽകുന്ന സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഓൺലൈൻ അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ ബാങ്ക് പാസ് ബുക്കിന്റെ ഒന്നാം പേജിന്റെ ഫോട്ടോ കൂടി അപ്ലോഡ് ചെയ്യുന്നതിനാൽ യഥാർത്ഥ ഗുണഭോക്താവിന് തന്നെ ആനുകൂല്യം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതാണ്. തുക ഗുണഭോക്താവിന് ലഭിച്ചു എന്ന ഉറപ്പ് വരുത്തുന്നതിന് വകുപ്പിലെ പ്രമോട്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. ഇത്തരം സംവിധാനം നിലവിലുള്ളതിനാൽ ക്രമക്കേടുകൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്താവുന്നതാണ്.<br><br>2. ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തുവാൻ പ്ലാൻസ്പെയ്സ് എന്ന ഐ.റ്റി. അധിഷ്ഠിത സംവിധാനം നിലവിലുണ്ട്. ഈ സംവിധാനം വഴി എല്ലാ തലങ്ങളിലും വിനിയോഗ വിവരങ്ങൾ ലഭ്യമാകുന്നതാണ്.<br><br>3. പട്ടികവർഗ്ഗ ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലം ഫണ്ട് വിനിയോഗത്തിൽ ക്രമകേടുകൾ ഉണ്ടാകുന്ന പക്ഷം വകുപ്പിലെ വിജിലൻസ് ആഫീസറായ ജോയിന്റ് ഡയറക്ടർ പ്രാഥമിക പരിശോധന നടത്തി ആവശ്യമെങ്കിൽ ചട്ടങ്ങൾ പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതു കൂടാതെ ധനകാര്യ പരിശോധനാ വിഭാഗം, അക്കൗണ്ടന്റ് ജനറൽ, ഇന്റേണൽ ഓഡിറ്റ് എന്നിങ്ങനെയുള്ള പരിശോധനകൾ ക്രമക്കേടുകൾ കണ്ടെത്താൻ സഹായിക്കുന്നുണ്ട്.<br><br>4. വിവിധ ഏജൻസികൾ, വകുപ്പുകൾ എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പ് വിലയിരുത്തുന്നതിനായി ജനപ്രതിനിധികൾ കൂടി ഉൾപ്പെടുന്ന മോണിറ്ററിംഗ് സമിതികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്.<br><br>5. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കൃത്യമായ ഇടവേളകളിൽ റിവ്യൂ നടത്തുന്നുണ്ട്. |
| (സി) | ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്താൻ കർശന നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ജനസംഖ്യാനുപാതികമായതിലും അധികം തുക ബജറ്റിൽ നീക്കിവയ്ക്കുകയും അവയുടെ ഫലപ്രദമായ |

ഫണ്ട് വിനിയോഗം നിരീക്ഷിക്കുകയും ചെയ്ത് വരുന്നുണ്ട്. വകുപ്പുകൾക്ക് അനുവദിക്കുന്ന കേന്ദ്ര സംസ്ഥാന വിഹിതങ്ങളുടെ വിനിയോഗ വിവരങ്ങൾ അവലോകനം ചെയ്യുന്നതിന് "പ്ലാൻ സ്പേയ്സ്" എന്ന സംവിധാനം ലഭ്യമാണ്. ഈ സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് സംസ്ഥാനതലത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കൽ വിവിധ വകുപ്പുകളുടെ പദ്ധതി പുരോഗതി വിലയിരുത്തുന്നതിനോടൊപ്പം വിവിധ പാദങ്ങളിലായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പുരോഗതി കൈവരിക്കുന്നതിന് ആവശ്യമായ നിർദ്ദേശവും നൽകുന്നുണ്ട്. വകുപ്പ് മന്ത്രി, വകുപ്പ് സെക്രട്ടറി, വകുപ്പ് ഡയറക്ടർമാർ എന്നിവരും മാസംതോറും പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റ് തലത്തിൽ ജില്ലാതല ഉദ്യോഗസ്ഥരുടെ പദ്ധതി അവലോകന യോഗങ്ങൾ വിളിച്ച് ചേർക്കുകയും സ്കീം അടിസ്ഥാനത്തിലുള്ള നിർവ്വഹണ പുരോഗതി വിലയിരുത്തി ചെലവ് കുറവായ പദ്ധതികൾ സമയ- ബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർവ്വഹണം നടത്തുന്ന പദ്ധതികളുടെ ഫണ്ട് വിനിയോഗവും നിർവ്വഹണവും സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനും ജില്ലാകളക്ടർ മെമ്പർ സെക്രട്ടറിയുമായ ജില്ലാ ആസൂത്രണ സമിതിയുടെ മേൽനോട്ടത്തിൽ അവലോകനവും മോണിറ്ററിംഗും കാര്യക്ഷമമായി നടന്നു വരുന്നുണ്ട്.

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമതയോടെ നടപ്പാക്കാൻ നിയോജക മണ്ഡലാടിസ്ഥാനത്തിൽ - എം.എൽ.എ. ചെയർമാനായി - നിരീക്ഷണ സമിതി രൂപീകരിക്കുവാൻ 20/05/2022- തീയതിയിലെ സ.ഉ(കൈ) നം. 24/2022/SCSTDD നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു.

1. ചെയർമാൻ - എം.എൽ.എ

2. കൺവീനർ - പട്ടികജാതി വികസന ഓഫീസർ

(ഒന്നിലേറെ ബ്ലോക്കുകളോ മുനിസിപ്പാലിറ്റികളോ ഉണ്ടെങ്കിൽ ജില്ലാ അസിസ്റ്റന്റ് പട്ടികജാതി വികസന ഓഫീസറായിരിക്കും കൺവീനർ)

3. അംഗങ്ങൾ

1. നിയോജക മണ്ഡലത്തിലെ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ

2. ബന്ധപ്പെട്ട ഡിവിഷനുകളിലെ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ

3. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/ പട്ടികവർഗ്ഗ അംഗങ്ങൾ

4. പ്രോജക്റ്റ് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ

5. ബ്ലോക്ക് /മുനിസിപ്പാലിറ്റി / കോർപ്പറേഷനിലെ തദ്ദേശ സ്വയംഭരണ എഞ്ചിനിയറിംഗ് വിഭാഗം മേധാവികൾ.

സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കുകയാണ് **സമിതിയുടെ പ്രധാന പ്രവർത്തനം.**

ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്താൻ പട്ടികജാതി വികസന വകുപ്പ് വിജിലൻസ് വിഭാഗം കൂടുതൽ ജാഗ്രത പുലർത്തുന്നുണ്ട്. നിലവിൽ സംസ്ഥാനത്തെ ബ്ലോക്ക്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ ഓഫീസുകളും ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവ സന്ദർശിക്കുകയും കർശന നിർദ്ദേശങ്ങൾ നൽകുകയും, രേഖകൾ പരിശോധിക്കുകയും ചെയ്തു വരുന്നുണ്ട്. പരാതികൾ സമയബന്ധിതമായി അന്വേഷിക്കുകയും വകുപ്പുതല ഓഡിറ്റ് കൂടുതൽ ശക്തമാക്കുകയും ചെയ്തിട്ടുണ്ട്.

ക്ഷേമ പദ്ധതികളുടെ ഫണ്ട് വിനിയോഗം ശരിയായ രീതിയിൽ നടപ്പിലാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും അവരുടെ തന്നെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് മാറി നൽകുന്ന സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഓൺലൈൻ അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ ബാങ്ക് പാസ് ബുക്കിന്റെ ഒന്നാം പേജിന്റെ ഫോട്ടോ കൂടി അപ്ലോഡ് ചെയ്യുന്നതിനാൽ യഥാർത്ഥ ഗുണഭോക്താവിന് തന്നെ ആനുകൂല്യം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതാണ്. തുക

| | | | |
|---|---|---|---|
| | | | ഗുണഭോക്താവിന് ലഭിച്ചു എന്ന ഉറപ്പ് വരുത്തുന്നതിന് വകുപ്പിലെ പ്രമോട്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. ഇത്തരം സംവിധാനം നിലവിലുള്ളതിനാൽ ക്രമക്കേടുകൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്താവുന്നതാണ്.<br><br>2. ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തുവാൻ പ്ലാൻസ്പെയ്സ് എന്ന ഐ.റ്റി. അധിഷ്ഠിത സംവിധാനം നിലവിലുണ്ട്. ഈ സംവിധാനം വഴി എല്ലാ തലങ്ങളിലും വിനിയോഗ വിവരങ്ങൾ ലഭ്യമാകുന്നതാണ്.<br><br>3. പട്ടികവർഗ്ഗ ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലം ഫണ്ട് വിനിയോഗത്തിൽ ക്രമകേടുകൾ ഉണ്ടാകുന്ന പക്ഷം വകുപ്പിലെ വിജിലൻസ് ആഫീസറായ ജോയിന്റ് ഡയറക്ടർ പ്രാഥമിക പരിശോധന നടത്തി ആവശ്യമെങ്കിൽ ചട്ടങ്ങൾ പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതു കൂടാതെ ധനകാര്യ പരിശോധനാ വിഭാഗം, അക്കൗണ്ടന്റ് ജനറൽ, ഇന്റേണൽ ഓഡിറ്റ് എന്നിങ്ങനെയുള്ള പരിശോധനകൾ ക്രമക്കേടുകൾ കണ്ടെത്താൻ സഹായിക്കുന്നുണ്ട്.<br><br>4. വിവിധ ഏജൻസികൾ, വകുപ്പുകൾ എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പ് വിലയിരുത്തുന്നതിനായി ജനപ്രതിനിധികൾ കൂടി ഉൾപ്പെടുന്ന മോണിറ്ററിംഗ് സമിതികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്.<br><br>5. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കൃത്യമായ ഇടവേളകളിൽ റിവ്യൂ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ